പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതു സംബന്ധിച്ച് അമ്പലത്തറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 441/2014 U/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ അന്വേഷണം പൂർത്തിയായാൽ മാത്രമെ കൂടുതൽ വിവരങ്ങൾ വെളിവാവുകയുള്ളൂ.

കോഴിക്കോട് കുറ്റ്യാടി - നാദാപുരം പാതയിലെ ഗതാഗത പ്രശ്നങ്ങൾ

239 (240) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുറ്റ്യാടി - നാദാപുരം സംസ്ഥാന പാതയിൽ അപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ ; കണ്ടെത്തലുകൾ വിശദമാക്കാമോ ;

(സി) ഇത്തരം അപകടങ്ങൾ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ഡി) ട്രാഫിക് സിഗ്നൽ ഉൾപ്പെടെയുള്ള നിയന്ത്രണ സംവിധാനങ്ങൾ പ്രസ്തുത റോഡിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധന നടത്തിയിട്ടുണ്ട്. അശ്രദ്ധമായും അമിത വേഗതയിലും വാഹനം ഓടിക്കുന്നതാണ് അപകടങ്ങൾ സംഭവിക്കുന്നതിന്റെ പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) വാഹനങ്ങളുടെ അമിത വേഗതയും മറ്റും തടയാൻ മോട്ടോർ വാഹന വകുപ്പും പോലീസും ചേർന്ന് വാഹന പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ കുറ്റ്യാടി - നാദാപുരം സംസ്ഥാന പാതയിൽ പോലീസ് കർശനമായ പട്രോളിങ്ങും, വാഹന പരിശോധനയും നടത്തിവരുന്നു. പ്രസ്തുത പാതയിലെ അപകടകരമായ സ്ഥലങ്ങളിൽ ഹംപുകളും മറ്റും സ്ഥാപിക്കാൻ പി.ഡബ്ല്യു.ഡി. അധികൃതർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് നഗരത്തിൽ കൂട്ടേഷൻ സംഘങ്ങളുടെ ആക്രമണം

240 (241) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly